അത്യാധുനിക സജ്ജീകരണങ്ങളോടെ ഫ്ലാറ്റ് സമുച്ചയ നിർമ്മാണം

14 (*764) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. പാലോട് രവി :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ അത്യാധുനിക സജ്ജീകരണങ്ങളോടെ ഫ്ളാറ്റ് സമുച്ചയ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ;

(സി) ഇതിനുള്ള ധനസഹായം എങ്ങനെ കണ്ടെത്താനാണ് തീരുമാനിച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ):

(എ) ഉണ്ട്. സംസ്ഥാന സർക്കാർ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന മിഷൻ 676-ൽ ഉൾപ്പെടുത്തി തിരുവനന്തപുരത്ത് സഹകരണ മേഖലയിൽ അത്യാധുനിക സജ്ജീകരണങ്ങളോടെ ഫ്ലാറ്റ് സമുച്ചയ നിർമ്മാണത്തിനുള്ള പ്രാഥമിക നടപടികൾ ആരംഭിച്ചിട്ടുണ്ട്. കേരള ലാന്റ് റിഫോംസ് ആന്റ് ഡെവലപ്മെന്റ് സഹകരണ സംഘം (ലാഡർ) കോഴിക്കോട് ജില്ലയിലെ മാങ്കാവിൽ 60 സെന്റ് സ്ഥലം സംഘം വാങ്ങി അവിടെ 49 അപ്പാർട്ട്മെന്റുകളുള്ള സമുച്ചയത്തിന്റെ നിർമ്മാണം പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. സംഘത്തിന്റെ രണ്ടാമത്തെ പദ്ധതിയായ ഇന്ത്യൻ മാളിന്റെ ശിലാസ്ഥാപനം മലപ്പുറം ജില്ലയിലെ മഞ്ചേരി പട്ടണത്തിന്റെ ഹൃദയഭാഗത്ത് നിർവ്വഹിച്ചിട്ടുണ്ട്.

(ബി) ഇടനിലക്കാരുടെ ചൂഷണമില്ലാതെ മിതമായ നിരക്കിൽ മെമ്പർമാർക്ക് ഫ്ലാറ്റ് ലഭ്യമാക്കുക, സാധാരണക്കാരനും നഗരത്തിൽ ഫ്ലാറ്റെന്ന സ്വപ്നം യാഥാർത്ഥ്യമാക്കുക, മെമ്പർമാരായ എല്ലാ ആളുകൾക്കും മിതമായ നിരക്കിൽ തവണ വ്യവസ്ഥയിൽ പാർപ്പിട സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുക, കാർഷിക പ്രാധാന്യമില്ലാത്ത

LIBRARY ARCHIVES Kerala Legislative Assembly

സ്ഥലം ഉപയുക്തമാക്കുന്നതോടൊപ്പം അംഗങ്ങളുടെ കാർഷികവൃത്തിക്കുകൂടി അനുയോജ്യമായ സ്ഥലത്ത് മാതൃകാപരമായ പാർപ്പിടം നിർമ്മിച്ച് നൽകി കാർഷികമേഖലയെക്കൂടി പ്രോത്സാഹിപ്പിക്കുന്ന രീതിയിലുള്ള പദ്ധതികൾക്ക് രൂപം നൽകുക എന്നീ ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്.

(സി) ഇതിനുള്ള ധനസഹായം പ്രധാനമായും ഓഹരി മൂലധനം, അംഗങ്ങളുടെ നിക്ഷേപം എന്നിവ വഴിയാണ് സംഘം കണ്ടെത്തുന്നത്. സംഘം പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് ധനസഹായം നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ഡി) "മാങ്കാവ് ഗ്രീൻസ്" നിർമ്മാണത്തിനായി കോഴിക്കോട് ജില്ലയിലെ മാങ്കാവിൽ 60 സെന്റ് സ്ഥലം സ്വന്തമായി വാങ്ങി അവിടെ 49 അപ്പാർട്ട്മെന്റുകളുള്ള സമുച്ചയത്തിന്റെ നിർമ്മാണം അതിവേഗം പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. മലപ്പുറം ജില്ലയിലെ മഞ്ചേരി പട്ടണത്തിന്റെ ഹൃദയഭാഗത്ത് ഇന്ത്യൻ മാളിന്റെ നിർമ്മാണത്തിനായി 80 സെന്റ് സ്ഥലം വാങ്ങി നിർമ്മാണ അനുമതിക്കായി അപേക്ഷ സമർപ്പിച്ചിരിക്കുകയാണ്. തിരുവനന്തപുരത്ത് പാങ്ങപ്പാറയിൽ നാഷണൽ ഹൈവേയോട് ചേർന്ന് രണ്ട് ഏക്കർ സ്ഥലം സംഘം വാങ്ങി രജിസ്ട്രേഷൻ നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്.

ഗാർഹിക ഉപഭോക്താക്കൾക്ക് എൽ.ഇ.ഡി. ബൾബുകൾ

15 (*765) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. എ. റ്റി. ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗാർഹിക ഉപഭോക്താക്കൾക്ക് എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ;

(സി) പദ്ധതി നടത്തിപ്പിനായി കേന്ദ്ര ഏജൻസികളുടെ സഹായം തേടിയിട്ടുണ്ടോ : വിശദമാക്കുമോ ;

(ഡി) പദ്ധതി നടപ്പാക്കുന്നതിലൂടെ എത്രമാത്രം വൈദ്യുതി ലാഭിക്കാനാകും എന്നാണ് പ്രതീക്ഷിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly